ടൈബൽ പ്രൊമോട്ടർമാരുടെ സേവനം

292 (2530) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഫലങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കാൻ ഏതെല്ലാം ജില്ലകളിലാണ് ടൈബൽ പ്രൊമോട്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) പ്രൊമോട്ടർമാരായി പ്രവർത്തിക്കുന്നവർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് ഓണറേറിയവും യാത്രാബത്തയും നൽകുന്നുണ്ടോ : ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രൊമോട്ടർമാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലും ടൈബൽ പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) എസ്. ടി. പ്രൊമോട്ടർമാർക്കും ഹെൽത്ത് പ്രൊമോട്ടർമാർക്കും പ്രതിമാസം 4000 രൂപ വീതം ഓണറേറിയവും ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഓണറേറിയത്തിന് പുറമേ യാത്രാബത്തയായി 500 രൂപയും നൽകി വരുന്നു. കൂടാതെ ഓണക്കാലത്ത് ഉത്സവബത്തയും അനുവദിച്ചുവരുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പൂക്കോട് എം.ആർ.എസ്. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി

293 (2531) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂക്കോട് എം.ആർ.എസ്. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. 12.96 കോടി രൂപ ചെലവിൽ പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ കിറ്റ്കോയെ ഏൽപ്പിക്കുകയും, കിറ്റ്കോ അധികൃതർ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2014 ജൂലൈ മാസം മുതൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 20 മാസമാണ് കരാർ കാലാവധി.

ഹാംലെറ്റ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

294 (2532) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹാംലെറ്റ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; ആയതിന്റെ ഓരോ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഹാംലെറ്റ് വികസന പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തുകളുടെ ഓരോ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) ഹാംലെറ്റ് വികസന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയ ഉത്തരവുകളിലെ സൂചനകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഡയറക്ടറുടെ കത്തുകളുടെ ഓരോ പകർപ്പുകൾ വീതം ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) എട്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ ഓരോ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly